മലയാള മനോരമ
ESTABLISHED 1888

**24 November 2017**



സിഎംഎഫ്ആർഐ ശാസ്ത്രജ്ഞരുമായുള്ള കൂടിക്കാഴ്ചയിൽ നിതി ആയോഗ് അംഗം പ്രഫ. രമേശ് ചന്ദ് സംസാരിക്കുന്നു.

# ജീവിത നിലവാരം ഉയർത്തുന്ന പദ്ധതികൾ നടപ്പാക്കാൻ നിതി ആയോഗ് പിന്തുണ നൽകും

കൊച്ചി • ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ സഹായകരമാകുന്ന നൂതന വികസന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് നിതി ആയോഗിന്റെ പൂർണ പിന്തുണയുണ്ടാകുമെന്ന് നിതി ആയോഗ് അംഗവും പ്രമുഖ കാർഷിക സാമ്പത്തിക ശാസ്ത്രജ്ഞനുമായ പ്രഫ. രമേശ് ചന്ദ്. കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ശാസ്ത്രജ്ഞരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. പുതുമയുള്ള ആശയങ്ങൾക്കു പണത്തേക്കാൾ മൂല്യമുണ്ട്. നൂതനമായ ആശയങ്ങളും ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളും നടപ്പിലാക്കുന്നതിനു സംസ്ഥാനങ്ങൾക്ക് നിതി ആയോഗിന്റെ സഹായമുണ്ടാകും.

മൽസ്യത്തിനു കുറഞ്ഞ താങ്ങുവില ഏർപെടുത്തുന്നതു മൽസ്യ വിലയിൽ ഏറ്റക്കുറച്ചിലുകൾ മൂലമുണ്ടാകുന്ന പ്രതിസന്ധിക്കു ശാശ്വത പരിഹാരമല്ല. വിലത്തകർച്ചയിലൂടെയുള്ള പ്രതിസന്ധി മറികടക്കാൻ മൽസ്യോൽപാദന സംഘങ്ങൾ രൂപീകരിക്കുന്നതു ഗുണകരമാകും.

സമുദ്രമൽസ്യ മേഖലയിൽ സിഎംഎഫ്ആർഐ നടത്തിവരുന്ന ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ചു ഡയറക്ടർ ഡോ എ. ഗോപാലകൃഷ്ണൻ വിശദീകരിച്ചു.